ഉത്തരം

(എ-സി) സംസ്ഥാനത്ത് അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ചുറ്റുമതിലിനുമുകളിൽ വൈദ്യുതി പ്രവഹിക്കുന്ന കമ്പിവേലി, വാച്ച് ടവറുകൾ, ഫ്ളഡ് ലൈറ്റുകൾ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറുകൾ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ, ബോഡി സ്കാനർ, ജയിലിനുള്ളിൽ സായുധരായ പാറാവുകാർ, ജയിൽ കോമ്പൗണ്ടിൽ സായുധ പോലീസ് സുരക്ഷാസംവിധാനം, മൊബൈൽ ഫോൺ ജാമറുകൾ സൂക്ഷ്മ നിരീക്ഷണത്തിനായി ക്ലോസ്ഡ് സർക്യൂട്ട് ടി. വി. സംവിധാനം, തടവുകാരെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ കോടതി മുമ്പാകെ ഹാജരാക്കുന്ന സംവിധാനം എന്നിവ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു.

(ഇ) അതിസുരക്ഷാജയിൽ സ്ഥാപിക്കുന്നകാര്യത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പ്, ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഇന്റലിജൻസ് ബ്യൂറോ, റിസർച്ച് ആന്റ് അനാലിസിസ് വിംഗ് തുടങ്ങി ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടേയും സഹായസഹകരണങ്ങൾ തേടുന്നതാണ്.

ജയിൽമോചിതരുടെ പുനരധിവാസം

73 (1543) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിൽ മോചിതരുടെ പുനരധിവാസത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികൾ മറ്റേതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത് ;

(സി) ഇവരുടെ പുനരധിവാസ പദ്ധതികൾക്ക് ഒരു ഏകീകൃത ഭരണ നിർവ്വഹണത്തിനായി എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സാമൂഹ്യസേവന സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണം ഇക്കാര്യത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ തരത്തിലുള്ള സഹായസഹകരണങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) സാമൂഹ്യക്ഷേമ വകുപ്പ് ജയിൽമോചിതരുടെ സാമൂഹ്യ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 15,000 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1 മുഖേന അപേക്ഷകൾ സ്വീകരിച്ച് ആഫ്റ്റർ കെയർ അസ്സോസിയേഷന്റെ അംഗീകാരത്തോടുകൂടി സാമൂഹ്യക്ഷേമ ഡയറക്ടർ സംസ്ഥാന തലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.

(ഡി) സാമൂഹ്യക്ഷേമ ഡയറക്ടർ മെമ്പർ സെക്രട്ടറിയായിട്ടുള്ള ആഫ്റ്റർ കെയർ അസ്സോസിയേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രവർത്തിക്കുന്നു.

(ഇ) കേന്ദ്രസർക്കാരിന്റെ യാതൊരു സഹായവും ഈ പദ്ധതിക്കായി ലഭ്യമായിട്ടില്ല.

തടവുകാരുടെ വിചാരണയ്ക്കായി ഹൈടെക് സംവിധാനം

74 (1544) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരുടെ വിചാരണയ്ക്കായി ഹൈടെക് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എപ്രകാരമുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിലേക്ക് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതുകൊണ്ട് എന്തെല്ലാം ഗുണഫലങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ജയിലുകളേയും കോടതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഘട്ടം ഘട്ടമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) കോടതിയിലെ കേസ്സുകൾ വളരെവേഗം തീർപ്പാക്കുക, തടവുകാരെ കോടതിയിലേക്ക് കൊണ്ടുപോകുമ്പോൾ അനുഗമിക്കേണ്ടിവരുന്ന പോലീസിനെ ക്രമസമാധാന പരിരക്ഷയ്ക്കായി പ്രയോജനപ്പെടുത്തുക, തടവുകാർക്കും പോലീസുകാർക്കും നൽകേണ്ടിവരുന്ന വഴിച്ചെലവ്, ദിനബത്ത, ഭക്ഷണബത്ത എന്നിവ ലാഭിക്കുക, നിയമവിരുദ്ധ ലഹരിപദാർത്ഥങ്ങൾ തടവുകാർക്ക് പുറത്ത്നിന്ന് കൈമാറുന്നത് തടയുക, തടവുകാരുടെ കോടതിയിലേക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly